(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനാണ്. റവന്യൂ വകുപ്പുവഴി സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാലുടൻ തന്നെ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

മലപ്പുറം ജില്ലയിലെ തിരുനാവായ തവനൂർ പാലം

253 (1287) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരുനാവായ-തവനൂർ പാലത്തിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ സ്ഥലമെടുപ്പ് നടപടികൾക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാന റോഡ്സ് & ബ്രിഡ്ജ് കോർപ്പറേഷൻ തിരുനാവായ-തവനൂർ പാലവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) തുക വകയിരുത്തിയിട്ടില്ല.

(സി) സ്ഥലമെടുപ്പ് നടപടികൾക്കാവശ്യമായ തുക അനുവദിച്ചിട്ടില്ല.

(ഡി) സർവ്വേ നടത്തി പാലത്തിന്റെ രൂപരേഖ തയ്യാറാക്കി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി അർത്ഥനാപത്രം മലപ്പുറം ജില്ലാകലക്ടർക്ക് സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ജില്ലാ പർച്ചേസ് കമ്മിറ്റി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയെങ്കിലും വിലയിൽ ധാരണയിലത്താൻ കഴിഞ്ഞിട്ടില്ല.

കെ.എസ്.ടി.പി. ഒന്നാം ഘട്ട റോഡ് പുന:നിർമ്മാണം

254 (1288) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിന്റെ ഭാഗമായി റോഡ് പുനർ നിർമ്മാണത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly